**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 37** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെ ഫോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെ ഫോൺ പദ്ധതി വഴി എത്ര കണക്ഷനുകളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി വഴി 79123 ഗാർഹിക വാണിജ്യ കണക്ഷനുകളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി 14194 കണക്ഷനുകളും സർക്കാർ സ്ഥാപനങ്ങൾക്ക് 23355 കണക്ഷനുകളും 3238 ഇതര കണക്ഷനുകളും നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 1,19,910 ഇന്റർനെറ്റ് കണക്ഷനുകളാണ് കെ-ഫോൺ ഇതുവരെ നൽകിയിരിക്കുന്നത്. |
| (ബി) | ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര വീടുകളിൽ നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ നൽകുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പട്ടിക അടിസ്ഥാനമാക്കിയാണ് ആദ്യ ഘട്ടത്തിൽ കണക്ഷൻ നൽകിയിരുന്നത്. ഇപ്പോൾ പുതിയ സൗജന്യ കണക്ഷൻ ലഭിക്കാൻ മഞ്ഞ അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർക്ക് കെ-ഫോൺ ലിമിറ്റഡിന് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. ആകെ 14194 കുടുംബങ്ങൾക്ക് സൗജന്യമായി നിലവിൽ കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ